# OFFICE OF THE COCHIN DEVASWOM BOARD

**Round North, Thrissur – 680 001**

PH: 2331124, 2327028 FAX : 2335874, 2327029

E-mail. admin @cochindevaswomboard.org


No. A9. 1845/16 Dated: 17-02-16.

# ലേലപരസ്യം

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള താഴെ പറയുന്ന ക്ഷേത്രങ്ങളിൽ 2016-17 കാലയളവിലേക്ക് വെടി വഴിപാട് നടത്തുന്നതിനുള്ള അവകാശലേലം/ടെണ്ടർ നടത്തുന്നതിന നിശ്ചയിച്ചിരിക്കുന്നു.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അതാത് ക്ഷേത്രത്തിന നേരെ സൂചിപ്പിച്ചിട്ടുള്ള നിരതദ്രവ്യ സംഖ്യ ഡിമാന്റ് ഡ്രാഫ്റ്റ് ആയി സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ എന്ന പേരിൽ എടുത്ത് ഹാജരാക്കേണ്ടതാണ്. ടെണ്ടർ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ ആയത് വെള്ളക്കടലാസിൽ സംഖ്യയും, വ്യക്തമായ വിലാസവും എഴുതി **സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ** എന്ന പേരിൽ സീൽ ചെയ്ത് കവറിനു പുറത്ത് ബന്ധപ്പെട്ട ക്ഷേത്രത്തിന്റെ പേരും 2016-17 വെടി ലേലം ടെണ്ടർ എന്നെഴുതി ലേലത്തിന ഒരു മണിക്കൂർ മുമ്പ് അതാത് ദേവസ്വം ഓഫീസ്സിൽ ലഭിച്ചിരിക്കത്തക്കവിധം അയച്ചിരിക്കേണ്ടതാണ്.

ലേലത്തിൽ പങ്കെടുക്കുന്ന ആൾക്ക് LE3 ലൈസൻസ് ഉണ്ടായിരിക്കേണ്ടതും, LE2 ലൈസൻസ് പ്രകാരം ക്ഷേത്രത്തിലേക്ക് ആവശ്യമായ അളവ് വെടിമരുന്ന് സപ്ലൈ ചെയ്യേണ്ടതുമാണ്. ലൈസൻസ് ഹാജരാക്കാത്തവരെയും, അഹിന്ദുക്കളെയും ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല. ലേലം അതാത് ക്ഷേത്രത്തിന്റെ ദേവസ്വം ഓഫീസ്സിൽ വെച്ച് താഴെ പറയുന്ന സമയത്തും, തിയ്യതിയിലും നടത്തുന്നതാണ്.

| ക്രമ നമ്പർ | ക്ഷേത്രം | തിയ്യതി | സമയം | നിരതദ്രവ്യം |
|---|---|---|---|---|
| 1 | തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രം (തൃപ്രയാർ ദേവസ്വം) (2016-17) | 02.03.2016 | 11 A.M. | 2,50,000/-ക. |
| 2 | തിരുവഞ്ചിക്കുളം മഹാദേവ ക്ഷേത്രം (തിരുവഞ്ചിക്കുളം ദേവസ്വം)(2016-17) | 04.03.2016 | 10.30 A.M. | 25,000/-ക. |
| 3 | കൊടുങ്ങല്ലൂർ ശ്രീ കുരുംബ ഭഗവതി ക്ഷേത്രം (ശ്രീ ദേവസ്വം) (2016-17) | 04.03.2016 | 12.30 P.M. | 2,00,000/-ക. |
| 4 | എറണാകുളം ശിവക്ഷേത്രം (എറണാകുളം ദേവസ്വം) (2016-17) | 09.03.2016 | 11.30 A.M. | 50,000/-ക. |
| 5 | ചോറ്റാനിക്കര ഭഗവതി ക്ഷേത്രം (ചോറ്റാനിക്കര ദേവസ്വം) (2016-17) | 09.03.2016 | 2.30 P.M. | 50,000/-ക. |

അതാത് ക്ഷേത്രങ്ങളിലെ ലേലത്തിനായി പ്രസിദ്ധീകരിച്ചിട്ടുള്ള ലേല പരസ്യ നിശ്ചയപ്രകാരമായിരിക്കും ലേലം/ടെണ്ടർ നടത്തുക.

ഈ ലേലത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ മേൽ പറഞ്ഞ ക്ഷേത്രങ്ങളിലെ ദേവസ്വം ഓഫീസ്സിലോ, കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്സിലോ ഓഫീസ് പ്രവൃത്തി സമയത്ത് അന്വേഷിച്ചാൽ അറിയാവുന്നതാണ്.

ഒപ്പ്.

**സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ**

കൊച്ചിൻ ദേവസ്വം ബോർഡ് കാര്യാലയം,
തൃശ്ശൂർ തിയ്യതി: 17-02-2016